"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പി.എം.എ.വൈ- നഗരം - ലൈഫ് ഭവന പദ്ധതി ജിയോ ടാഗിംഗ് - കേന്ദ്ര വിഹിതം - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1176/2026/LSGD തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.822/2026/തസ്വഭവ തീയതി 25/03/2026.
2. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 16/04/2026 തീയതിയിലെ N-11011/40/2017-HFA-I(FTS-9028230) നമ്പർ റിലീസ് ഉത്തരവ്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/05/2026 തീയതിയിലെ KSHO/1008/2026-N നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം.4642/2026/ധന തീയതി 29.05.2026.

**<u>ഉത്തരവ്</u>**

പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളിൽ പി.എം.എ.വൈ. നഗരം ലൈഫ് എം.ഐ.എസ്.ൽ അറ്റാച്ച് ചെയ്ത് ജിയോടാഗ് ചെയ്ത ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം 28,99,660/-രൂപ 2217-05-191-48-68, 2217-05-192-48-63 എന്നീ അക്കൗണ്ട് ശീർഷകങ്ങളിൽ അനുവദിച്ചുകൊണ്ട് പരമാർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

2). 2025 - 26 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പ്രസ്തുത തുക നഗരസഭകൾക്ക് നൽകുന്നതിന് സാധിച്ചിരുന്നില്ല എന്നും പരാമർശം(1) പ്രകാരം കേന്ദ്ര വിഹിതമായി, മദർ സാങ്ഷൻ വഴി, ₹28,99,660/-(ഇരുപത്തിഎട്ട് ലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരത്തി അറുന്നൂറ്റിഅറുപത് രൂപ മാത്രം) ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടി തുക റിലീസ് ചെയ്ത് നൽകണമെന്ന് പരാമർശം (3) പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ അഭ്യർത്ഥിക്കുകയുണ്ടായി. പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയ്ക്ക്

അധിക ധനസഹായം വഴി 29,00,000/- രൂപ അനുവദിച്ചുകൊണ്ട് പരമാർശം(4) പ്രകാരം ഉത്തരവായിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിൽ അഗീകാരം നൽകിയ ഗുണഭോക്താക്കളിൽ പി.എം.എ.വൈ.(നഗരം) ലൈഫ് എം.ഐ.എസ്-ൽ അറ്റാച്ച് ചെയ്ത് ജിയോ ടാഗ് ചെയ്ത ഗുണഭോക്താക്കളുടെ തുകയായ കേന്ദ്രവിഹിതം 28,99,660/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി അറുന്നൂറ്റി അറുപത് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം നഗരകാര്യ വകുപ്പ് മുഖാന്തരം കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | അനുവദിക്കേണ്ട കേന്ദ്ര വിഹിതം |
|---|---|---|
| 1 | 2217-05-191-48-68 | 5,67,760/- |
| 2 | 2217-05-192-48-63 | 23,31,900/- |
| | **ആകെ** | **28,99,660 /-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എ ജി ഓഡിറ്റ് കേരളം ,തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( റഫ .3508355/WCD-3/114/2026-fin പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Manikkuttan R
Date: 27-06-2026 14:13:32

സെക്ഷൻ ഓഫീസർ